കൗൺസിലുംകൂടി വഹിക്കേണ്ടതാണ്. മൂന്നാംഘട്ട പരിശീലനത്തിന്റെ ചെലവ് പൂർണ്ണമായും കേരളാ ഗവൺമെന്റിന്റെയും കേരള സ്പോർട്സ് കൗൺസിലിന്റെയും നേരിട്ടുള്ള ചുമതലയിലായിരിക്കും.

(ജി) ഈ പദ്ധതി കുറ്റമറ്റതും കാര്യക്ഷമവും ആയ രീതിയിലാണ് ഇപ്പോൾ നടന്നുവരുന്നത്.

25 (*320) സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി കെ.കെ ശൈലജ ടീച്ചർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സർവ്വീസ് സംഘടനകളുമായി ഇക്കാര്യത്തിൽ നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സ്ഥലംമാറ്റത്തിൽ ഏതെല്ലാം വിഭാഗത്തിനാണ് പ്രത്യേക പരിരക്ഷ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)&(ഡി) 6.11.99 ൽ നടന്ന ചർച്ചയിൽ സ്ഥലം മാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകൾ തങ്ങളുടെ അഭിപ്രായം ഉന്നയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ഓരോ സംഘടനകളുടേയും അഭിപ്രായം രേഖാമൂലം സർക്കാരിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് നിർദ്ദേശവും ചർച്ചയിൽ ചില സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്.

26 (*321) ടൂറിസം നയം

ശ്രീമതി. ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ സംസ്ഥാനം സന്ദർശിച്ച് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ-വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) ഭാരതീയ സംസ്കാരത്തിനും പരിസ്ഥിതിക്കും കോട്ടം തട്ടാതെ, അവ സംരക്ഷിച്ചുകൊണ്ട്, തദ്ദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികൾക്ക് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും അതുവഴി തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുകയുമാണ് സർക്കാരിന്റെ ടൂറിസം നയം. ഇതുകൂടാതെ പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ വികസനത്തിന് തുടക്കം കുറിക്കുകയെന്നതും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സർക്യൂട്ടുകളിലും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുകയെന്നതും ഗവൺമെന്റ് നയമാണ്. സ്വകാര്യമേഖല മുതൽമുടക്കുവാൻ മടിക്കുന്ന മേഖലകളിൽ മുതൽമുടക്കി, അവരെക്കൂടി ഈ രംഗത്തേയ്ക്ക് ആകർഷിക്കുകയെന്നതും ടൂറിസം വികസനത്തിന് ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുകയെന്നതും സർക്കാരിന്റെ നയത്തിൽപ്പെടുന്നു.

(ബി) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പുമുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ, തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി എന്നിവ വഴി നിരവധി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അവയിൽ മുഖ്യമായവ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പ്രചാരണരംഗത്ത് നൂതനമായ സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. കേരള ടൂറിസം തയ്യാറാക്കിയ വെബ്സൈറ്റ് ഈ രംഗത്തെ ഏറ്റവും നല്ല മാതൃകയായി കരുതപ്പെടുന്നു. സി.ഡി. റോം, വീഡിയോ ഫിലിമുകൾ എന്നിവ മുഖേനയും വിദേശമേളകളിൽ പങ്കെടുത്തും പ്രചാരണം ശക്തമാക്കിയിട്ടുണ്ട്.

(സി) ഈ വർഷം സംസ്ഥാനം സന്ദർശിച്ച് വിദേശടൂറിസ്റ്റുകളുടെ എണ്ണം കണക്കാക്കി വരുന്നതേയുള്ളൂ. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ (1989-1998) കേരളത്തിൽ 11,81,00 വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ചതായി കണക്കാക്കുന്നു.

27 (*322) ചികിത്സാസഹായം

ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly